2026
MAY
07
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഓപ്പറേഷൻ ബ്രേക്ക് ത്രൂ; പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം

**കൊച്ചി:** നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായുള്ള ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കൊച്ചി കോർപ്പറേഷൻ മേയർ വി കെ മിനിമോൾ, ജില്ലാ കളക്ടർ ജി. പ്രിയങ്ക എന്നിവരുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. മുല്ലശ്ശേരി കനാൽ നവീകരണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും യോഗത്തിൽ നിർദ്ദേശം നൽകി.

മുല്ലശ്ശേരി കനാൽ നവീകരണത്തിന്റെ ഭാഗമായുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 1.35 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ വകുപ്പുകൾ സംയുക്തമായാണ് നവീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. കനാലിലെ നിർമ്മാണത്തിന് തടസ്സമാകുന്ന എല്ലാ ഘടകങ്ങളും വേഗത്തിൽ നീക്കം ചെയ്യാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ടി.പി. കനാലിലെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കനാലിന്റെ ഒന്ന്, നാല് റീച്ചുകൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനൊപ്പം വേലികൾ സ്ഥാപിക്കുന്ന ജോലികളും പൂർത്തിയാക്കാനുണ്ട്. അവശേഷിക്കുന്ന രണ്ടാമത്തെയും മൂന്നാമത്തെയും റീച്ചുകളുടെ പണി ഉടൻ പൂർത്തിയാക്കാൻ മൈനർ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകി. കനാലിന്റെ മുഖഭാഗം വൃത്തിയാക്കുന്ന ജോലികൾ മെയ് 15-നകം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശം നൽകി.

ഹൈക്കോടതി പ്രദേശത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി 42 ലക്ഷത്തിന്റെ ഭരണ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ടെൻഡർ നടപടികൾ ആരംഭിച്ചതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ കനാലുകളിലും കാനകളിലും വലിച്ചെറിയുന്നതുമൂലം പലപ്പോഴും ഒഴുക്കിന് തടസ്സം സംഭവിക്കുന്നുണ്ട്. ഇത് നിരോധിക്കുന്ന സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്യുകയും കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി ഡിപ്പോ പരിസരത്തെ മാലിന്യ പ്രശ്നങ്ങൾ, കനാലുകളിലേക്ക് മാലിന്യങ്ങൾ ഒഴുകി വരുന്നത് തടയാനായി ഫ്ളോട്ടിംഗ് ട്രാഷ് ബൂമുകൾ സ്ഥാപിക്കൽ, കടവിൽ ലൈൻ ഡ്രൈനേജ്, വെള്ളക്കെട്ടിന് പ്രധാന കാരണമാകുന്ന കാനകളിലെയും കനാലുകളിലെയും തടസ്സങ്ങൾ (Choke points) കണ്ടെത്താനും അവ നീക്കം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കൽ തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

ജില്ലാ കളക്ടറുടെ ക്യാമ്പ് ഹൗസിൽ ചേർന്ന യോഗത്തിൽ അമിക്കസ് ക്യൂറി അഡ്വ. ഗോവിന്ദ് പത്മനാഭൻ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി എസ് ഷിബു, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥരും പങ്കെടുത്തു.

## കാലവർഷം: മുന്നൊരുക്കങ്ങൾ വിലയിരുത്തി ജില്ലാ കളക്ടർ

**കൊച്ചി:** വരാനിരിക്കുന്ന കാലവർഷത്തെ നേരിടുന്നതിനായി ജില്ലയിലെ വിവിധ വകുപ്പുകൾ സ്വീകരിച്ച മുന്നൊരുക്ക നടപടികൾ വിലയിരുത്താൻ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.

മെയ് 23 മുതലാണ് സംസ്ഥാനത്ത് കാലവർഷം പ്രതീക്ഷിക്കുന്നത്. മഴക്കാലത്ത് ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യം ഉണ്ടായേക്കാം. ഇതിനായി ദുരിതാശ്വാസ ക്യാമ്പുകൾ ആയി പ്രവർത്തിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ തഹസിൽദാർമാർ മുൻകൂട്ടി നിശ്ചയിക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം. അപകടകരമായ രീതിയിൽ നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതിനും പൊതുസ്ഥലങ്ങളിലെ അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. കൂടാതെ, ജെ.സി.ബി, ക്രെയിൻ, ആംബുലൻസ് തുടങ്ങിയ സജ്ജീകരണങ്ങളുടെ വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ തഹസിൽദാർമാർക്ക് കൈമാറേണ്ടതാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മെയ് 25-നകം വിഭവങ്ങളുടെയും ദുരിതാശ്വാസ ക്യാമ്പുകളുടെയും വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ അപ്ഡേറ്റ് ചെയ്യണമെന്നും ജില്ലാ കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കടൽക്ഷോഭ സാധ്യതയുള്ള സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് കൃത്യമായ മുന്നറിയിപ്പുകൾ നൽകണം. രക്ഷാപ്രവർത്തനത്തിനായി ബോട്ടുകൾ സജ്ജമാക്കണമെന്നും ഫിഷറീസ് വകുപ്പിനോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

ദേശീയപാതകളിലും മറ്റ് റോഡുകളിലും വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനുള്ള ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിനും ജില്ലാ കളക്ടർ നിർദേശം നൽകി. ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജി. ശ്രീകുമാർ, സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ : പന്തം കൊളുത്തി പ്രകടനം ഇന്ന്

**കൊച്ചി:** പാചകവാതക വിലവർധനയിൽ പ്രതിഷേധിച്ച് ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ (എകെസിഎ) സംസ്ഥാന വ്യാപകമായി പ്രതിഷേധ ധർണയും കിച്ചൺ അടച്ചിടൽ സമരവും സംഘടിപ്പിക്കുന്നു. സമരത്തിന്റെ ഭാഗമായി എറണാകുളം മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ന് വഞ്ചിസ്ക്വയറിൽ നിന്ന് മേനക ജംഗ്ഷൻ വരെ വൈകിട്ട് 6.30ന് പന്തംകൊളുത്തി പ്രകടനം നടത്തും. ഗ്യാസ് വിലക്കയറ്റം പിൻവലിക്കണമെന്നാവശ്യപ്പെട്ട് നാളെ ജില്ലാ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മുന്നിൽ കാറ്ററിംഗ്, കിച്ചൺ സ്ഥാപനങ്ങൾ അടച്ചിട്ട് പ്രതിഷേധിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.




## പാചകവാതക വില വർധന: ഹോട്ടൽ സമരം പൂർണ്ണം

**കൊച്ചി:** അന്യായമായ പാചകവാതക വില വർധനവിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ആഹ്വാനം ചെയ്ത സമരം സംസ്ഥാനത്ത് പൂർണ്ണമായിരുന്നു.

ചെറിയ ചായക്കടകൾ പോലും തുറക്കാതെ കേരളത്തിലെ ഹോട്ടൽ, റസ്റ്റോറന്റ്, ടീഷോപ്പ് ഉടമകൾ സമരത്തിന് പൂർണ്ണ പിന്തുണ നൽകിയതായി കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ. യാതൊരു തത്വദീക്ഷയുമില്ലാതെയാണ് പെട്രോളിയം കമ്പനികൾ ഗ്യാസിന് വിലകൂട്ടുന്നത്. രാജ്യത്തെ വ്യാപാരികളോടും, പൊതുസമൂഹത്തോടും യാതൊരുവിധ പ്രതിബദ്ധതയുമില്ലാതെ തങ്ങളുടെ ലാഭംമാത്രം ലക്ഷ്യംവെച്ചാണ് പെട്രോളിയം കമ്പനികൾ പ്രവർത്തിക്കുന്നത്. പെട്രോളിയം കമ്പനികളെ നിയന്ത്രിക്കുവാൻ കേന്ദ്രസർക്കാരും തയ്യാറാകുന്നില്ല. ലക്ഷക്കണക്കിനാളുകൾ നേരിട്ടും അല്ലാതെയും ഉപജീവനത്തിനായി ആശ്രയിക്കുന്ന ഭക്ഷ്യോൽപാദനവിതരണ മേഖലയുടെ നിലനിൽപ്പിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ ഇടപെടണം. ഹോട്ടൽ സമരം മൂലം പൊതുസമൂഹത്തിനുണ്ടായ ബുദ്ധിമുട്ടിൽ അസോസിയേഷൻ ഖേദം രേഖപ്പെടുത്തി.

ഹോട്ടലുടമകൾ ഹോട്ടലുകൾ അടച്ചിട്ട് പെട്രോളിയം കമ്പനികൾക്ക് മുന്നിലേക്കും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കും സംസ്ഥാനത്തുടനീളം പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തി. എറണാകുളം പനമ്പിള്ളി നഗറിലുള്ള ഐ.ഒ.സി. ഓഫീസിലേക്ക് നടന്ന പ്രതിഷേധ മാർച്ചും ധർണ്ണയും സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് വി. ടി. ഹരിഹരൻ അദ്ധ്യക്ഷത വഹിച്ച ധർണ്ണയിൽ സംസ്ഥാന ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖ് മുഖ്യപ്രഭാഷണം നടത്തി. എ.കെ.സി.എ. ജില്ലാ പ്രസിഡന്റ് വി. കെ. വർഗീസ്, ഹോസ്റ്റൽ ഓണേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി നവാസ് വയൽക്കര, കെ.എച്ച്.ആർ.എ. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അസീസ് മൂസ, എസ്.യു,സി.ഐ. ജില്ലാ സെക്രട്ടറി മോഹൻകുമാർ എൻ. ആർ. , മരട് നഗരസഭ ചെയർ പേഴ്സൺ അജിത നന്ദകുമാർ, കെ.എച്ച്.ആർ.എ. വനിതാവിംഗ് സംസ്ഥാന പ്രസിഡന്റ് അശ ലില്ലി തോമസ്, കെ.എച്ച്.ആർ.എ. ജില്ലാ സെക്രട്ടറി കെ. ടി. റഹിം, ജില്ലാ ട്രഷറർ അബ്ദുൾ സമദ് തുടങ്ങിയവർ സംസാരിച്ചു.



*അന്യായമായ പാചകവാതക വിലവർധനവിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റി പനമ്പിള്ളി നഗറിലുള്ള ഐ.ഒ.സി. ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചും ധർണ്ണയും സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. എറണാകുളം ജില്ലാ പ്രസിഡന്റ് വി. ടി. ഹരിഹരൻ, സംസ്ഥാന ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖ്, ജില്ലാ സെക്രട്ടറി കെ. ടി. റഹിം, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അസീസ് മൂസ തുടങ്ങിയവർ സമീപം.*

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **തെക്കൻചിറ്റൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം :** തിരുവുത്സവം രാവിലെ 6 മുതൽ.

## പെരുമ്പാവൂർ

■ **കുന്നക്കുരടി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളി :** മോർ ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ. രാവിലെ 8.30ന് അഞ്ചിന്മേൽ കുർബാന, പ്രസംഗം ഡോ.കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്ത കാർമികത്വം വഹിക്കും. 10.30ന് എൻഡോവ്മെന്റ് വിതരണം തുടർന്ന് പ്രദക്ഷിണം, നേർച്ചസദ്യ, ലേലം, കൊടിയിറക്ക്.

## തൃപ്പൂണിത്തുറ

■ **ജോർജ്ജിയൻ തീർഥാടന കേന്ദ്രമായ കരിങ്ങാച്ചിറ സെന്റ് ജോർജ് യാക്കോബായ സുറിയാനി കത്തീഡ്രൽ :** മോർ ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ. രാവിലെ 6ന് പ്രഭാത പ്രാർഥനയും 6.30ന് കുർബാനയും.

## പിറവം

■ **ചരിത്ര പ്രസിദ്ധമായ പിറവം സെന്റ് മേരീസ് ഓർത്തോഡോക്സ് സുറിയാനി പള്ളി :** ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ. രാവിലെ 7ന് പ്രഭാത സമസ്ക്കാരം, 8ന് മൂന്നിമേൽ കുർബാന, പ്രദക്ഷിണം, ഊട്ടു നേർച്ച.

## അങ്കമാലി

■ **കിടങ്ങൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രം :** തിരുവുത്സവത്തിന്റെ ഭാഗമായി രാവിലെ 7ന് നാരായണീയ പാരായണം – അവതരണം തൃക്കിടങ്ങൂർ നാരായണീയ സമിതി, രാവിലെ 9ന് ഉത്സവബലി, രാത്രി 7ന് കഥകളി.

## കുരീക്കാട്

■ **കുരീക്കാട് ശ്രീകൃഷ്ണസ്വാമിക്ഷേത്രം :** ഉത്സവത്തിന്റെ ഭാഗമായി പ്രഭാത പൂജയ്ക്ക് ശേഷം രാവിലെ 7ന് കുരീക്കാട്ടെ ഭക്തജനങ്ങളുടെ സമ്പൂർണ്ണനാരായണീയപാരായണം, വൈകിട്ട് 7ന് കുമാരി നില എം മേനോന്റെ മോഹിനിയാട്ടം, പുന്നച്ചാലിൽ എൻഎസ്എസ് കരയോഗത്തിന്റെ രുദ്രശ്രീ തിരുവാതിര സംഘത്തിന്റെ കോൽക്കളി, ഡോ. ഐശ്വര്യ വിവേകിന്റെ ഗരുഡപുരാണം നൃത്ത ശിൽപ്പം.

# വേവ്സ് ഡോക് ബസാർ രണ്ടാം പതിപ്പ് ജൂൺ 16 മുതൽ മുംബൈയിൽ

**ന്യൂഡൽഹി:** വേവ്സ് ഡോക് ബസാറിന്റെ രണ്ടാം പതിപ്പ് ജൂൺ 16 മുതൽ 18 വരെ 19–ാമത് മുംബൈ അന്താരാഷ്ട്ര ചലച്ചിത്ര മേളയോടനുബന്ധിച്ച് മുംബൈ എൻ.എഫ്.ഡി .സി സമുച്ചയത്തിൽ സംഘടിപ്പിക്കും.

സഹകരണം, മാർഗനിർദേശങ്ങൾ, വിപണി ലഭ്യത, ആഗോള ശ്രദ്ധ എന്നിവയ്ക്ക് അവസരങ്ങളൊരുക്കി ഡോക്യുമെന്ററി, ആനിമേഷൻ, ഹ്രസ്വചിത്ര സംവിധായകരെ ശാക്തീകരിക്കാനായി രൂപകൽപ്പന ചെയ്ത സുപ്രധാന വേദിയാണ് വേവ്സ് ഡോക് ബസാർ. രണ്ടാം പതിപ്പിലേക്കെത്തുന്ന ഈ പരിപാടി ദൃശ്യ-ശ്രാവ്യ രംഗത്തെ പ്രമുഖരെയും വളർന്നുവരുന്ന പ്രതിഭകളെയും ഒന്നിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ ഉള്ളടക്ക സ്രഷ്ടാക്കൾ, നിർമാതാക്കൾ, വിതരണക്കാർ, സംപ്രേഷകർ, നിക്ഷേപകർ, സാങ്കേതിക പങ്കാളികൾ എന്നിവരുടെ സജീവ കേന്ദ്രമായി നിലകൊള്ളുന്ന ഡോക് ബസാർ നിർമാണത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളെ പിന്തുണയ്ക്കുകയും മികച്ച കഥാഖ്യാനങ്ങളെ ശാക്തീകരിക്കുകയും ആഗോള പ്രേക്ഷകരിലേക്കെത്താൻ ചലച്ചിത്ര പ്രവർത്തകരെ സഹായിക്കുകയും ചെയ്യും. വിദഗ്ധരുമായും പരിചയസമ്പന്നരുമായും നേരിട്ട് ഇടപഴകുന്നതിലൂടെ മേഖലയിലെ നിലവിലെ പ്രവണതകൾ, വിപണി ആവശ്യകതകൾ, വിതരണ തന്ത്രങ്ങൾ, പ്രേക്ഷക താല്പര്യങ്ങൾ എന്നിവ സംബന്ധിച്ച് പങ്കെടുക്കുന്നവർക്ക് വിലപ്പെട്ട ഉൾക്കാഴ്ചകൾ ലഭിക്കും.

വേവ്സ് ഡോക് ബസാറിലെ പ്രധാന വിഭാഗങ്ങളിലൊന്നാണ് വ്യൂവിംഗ് റൂം. അടുത്തിടെ പൂർത്തിയായതോ പോസ്റ്റ് പ്രൊഡക്ഷൻ നടക്കുന്നതോ ആയ ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ, ആനിമേഷൻ ചിത്രങ്ങൾ എന്നിവ രജിസ്റ്റർ ചെയ്ത പ്രതിനിധികൾക്കായി ഇവിടെ പ്രദർശിപ്പിക്കും. തിരഞ്ഞെടുത്ത വിതരണാവകാശികൾ, മേളകളിൽ ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നവർ, വിതരണക്കാർ, നിക്ഷേപകർ എന്നിവർക്ക് മാത്രം പ്രവേശനം നൽകുന്ന വേദിയായാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിതരണ കരാറുകൾ ഉറപ്പാക്കാനും സഹനിർമാതാക്കളുമായും ആഗോള വിതരണ ഏജന്റുമാരുമായും ബന്ധപ്പെടാനും ചലച്ചിത്രമേളകളിലെ സാധ്യതകൾ കണ്ടെത്താനും പൂർത്തീകരണ ധനസഹായം ലഭ്യമാക്കാനും ഇത് ചലച്ചിത്ര പ്രവർത്തകർക്ക് അവസരം നൽകുന്നു. പ്രത്യേകം രൂപകല്പന ചെയ്ത ഈ സംവിധാനത്തിലൂടെ ഭാഷ, ദൈർഘ്യം, നിർമാണ ഘട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ ചിത്രങ്ങൾ വാങ്ങുന്നവർക്ക് സിനിമകൾ തിരഞ്ഞെടുക്കാം.

തിരഞ്ഞെടുത്ത ചിത്രങ്ങൾ വ്യൂവിംഗ് റൂം കാറ്റലോഗിലും ഉൾപ്പെടുത്തും. രജിസ്റ്റർ ചെയ്ത എല്ലാ പ്രതിനിധികൾക്കും ഇത് നൽകുകയും പരിപാടിക്ക് മുന്നോടിയായി ഓൺലൈനിൽ ലഭ്യമാക്കുകയും ചെയ്യും. ആദ്യഘട്ട എഡിറ്റിങ് നടക്കുന്ന ഡോക്യുമെന്ററി, ആനിമേഷൻ ചിത്രങ്ങൾക്കായി പ്രത്യേകം രൂപകല്പന ചെയ്തതാണ് വർക്ക്-ഇൻ-പ്രോഗ്രസ് ലാബ്. അടച്ചിട്ട മുറിയിൽ സജ്ജീകരിച്ച ഈ ലാബിൽ തിരഞ്ഞെടുത്ത പങ്കാളികൾക്ക് പരിചയസമ്പന്നരായ ചലച്ചിത്ര പ്രവർത്തകർ, എഡിറ്റർമാർ, അന്താരാഷ്ട്ര മാർഗനിർദേശകർ എന്നിവരിൽ നിന്ന് വിലപ്പെട്ട നിർദേശങ്ങളും പ്രതികരണങ്ങളും ലഭിക്കും. ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായിക്കും.വേവ്സ് ഡോക് ബസാറിൽ VR, AR, XR എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇമ്മേഴ്സീവ് മാർക്കറ്റും.

ഇമ്മേഴ്സീവ് ഉള്ളടക്ക സ്രഷ്ടാക്കൾ, നിർമാതാക്കൾ, സാങ്കേതിക പങ്കാളികൾ എന്നിവർക്കായി വേവ്സ് ഡോക് ബസാറിൽ ആദ്യമായി 'ഇമ്മേഴ്സീവ് മാർക്കറ്റ്' അവതരിപ്പിക്കും. വി.ആർ, എ.ആർ, എക്സ്.ആർ, സംവേദനാത്മക അനുഭവങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ വേദി നൂതന പ്രൊജക്റ്റുകൾ പ്രദർശിപ്പിക്കാനും പുതിയ കഥാഖ്യാന രീതികൾ ആഴത്തിൽ മനസിലാക്കാനും സഹകരണങ്ങൾക്കും ഇടം നൽകും.

ഡോക്യുമെന്ററി, ആനിമേഷൻ ചലച്ചിത്ര പ്രവർത്തകരെ ഈ രംഗത്തെ പ്രമുഖരുമായി ബന്ധിപ്പിക്കുന്ന ആഗോള വേദിയായ വേവ്സ് ഡോക് ബസാർ 2026–ലെ വ്യൂവിംഗ് റൂമിലേക്കും വർക്ക്–ഇൻ–പ്രോഗ്രസ് ലാബിലേക്കും താൽപ്പര്യമുള്ളവർക്ക് മെയ് 15 ന് ഇന്ത്യൻ സമയം രാത്രി 11:59 വരെ അപേക്ഷ സമർപ്പിക്കാം.

# മെഡിക്കൽ കോളേജിൽ സയന്റിസ്റ്റ് ഒഴിവ്; മെയ് 20ന് അഭിമുഖം

**കൊച്ചി:** മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വകുപ്പിന് കീഴിലുള്ള വി.ആർ.ഡി.എൽ ലാബിലേക്ക് സയന്റിസ്റ്റ് ബി (നോൺ മെഡിക്കൽ) തസ്തികയിൽ കരാർ നിയമനം നടത്തുന്നു. ഒരു വർഷത്തേക്കാണ് നിയമനം. പ്രതിമാസ വേതനം 56,000 രൂപ. 45 വയസ്സാണ് പ്രായപരിധി.

ബയോടെക്നോളജി ബി.ടെക് ബിരുദവും രണ്ട് വർഷത്തെ ഗവേഷണ പരിചയവും ഉള്ളവർക്കോ അല്ലെങ്കിൽ മെഡിക്കൽ മൈക്രോബയോളജി, മോളിക്കുലാർ ബയോളജി, ബയോടെക്നോളജി എന്നീ വിഷയങ്ങളിൽ ഒന്നാം ക്ലാസ് മാസ്റ്റർ ബിരുദം ഉള്ളവർക്കോ അപേക്ഷിക്കാം. പി.എച്ച്.ഡി (Ph.D) ഉള്ളവർക്കും മുൻഗണന ലഭിക്കും. കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡാറ്റാ മാനേജ്മെന്റ് എന്നിവയിലുള്ള അറിവ് അധിക യോഗ്യതയായി പരിഗണിക്കും.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 20–ന് രാവിലെ 10:30–ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. എസ്.എസ്.എൽ.സി, വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസ്സലും പകർപ്പുകളും ആവശ്യമാണ്. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ പ്രാഥമിക എഴുത്തു പരീക്ഷ ഉണ്ടായിരിക്കും. ഫോൺ : 0484–2754000.

# കൂടൽമാണിക്യം ക്ഷേത്രത്തിൽ വെടിക്കെട്ടിന് പകരം ഐ.സി.എൽ ഫിൻകോർപിന്റെ ലൈറ്റ് ആൻഡ് സൗണ്ട് ഷോ

**ഇരിങ്ങാലക്കുട :** ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങൾക്ക് മാറ്റ് കൂട്ടുന്നതിന് പരമ്പരാഗത വെടിക്കെട്ടിന് പകരം ഐ.സി.എൽ ഫിൻകോർപ്പിന്റെ സഹകരണത്തോടെ ലൈറ്റ് ആന്റ് സൗണ്ട് ഷോ സംഘടിപ്പിക്കുമെന്ന് ക്ഷേത്ര ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മെയ് 7–ന് പള്ളിവേട്ടയ്ക്ക് ശേഷമാണ് ക്ഷേത്രാങ്കണത്തിൽ വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന അപകടകരമല്ലാത്ത ആധുനിക ഫയർ ടെക്നോളജി ഉപയോഗിച്ചുള്ള ഫയർ വർക്ക്സ് ഒരുക്കുന്നത്. 10 മിനിറ്റ് ദൈർഘ്യമുള്ള പ്രദർശനമാണ് നടക്കുക. പള്ളിവേട്ട കഴിഞ്ഞ് സംഗമേശൻ ക്ഷേത്രത്തിലെ ബഹുനില പന്തലിന്റെ സമീപത്ത് എത്തുന്ന സമയത്താണ് ലൈറ്റ് ആൻഡ് സൗണ്ട് ഷോ ആരംഭിക്കുക. വാർത്താ സമ്മേളനത്തിൽ ഐ.സി.എൽ ഫിൻകോർപ്പ് സി.എം.ഡി അഡ്വ. കെ.ജി അനിൽകുമാർ, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ. സി.കെ ഗോപി, അഡ്മിനിസ്ട്രേറ്റർ രാധേഷ്, ഭരണസമിതി യംഗങ്ങളായ അഡ്വ.കെ.ജി അജയ്കുമാർ, ഡോ.മുരളി ഹരിതം, രാഘവൻ മുളങ്ങാടൻ, സ്റ്റാഫ് പ്രതിനിധി കെ.ബിന്ദു, ഐ.സി.എൽ എച്ച്.ആർ മാനേജർ സാം മാളിയേക്കൽ, പി.ആർ.ഓ റെജി, ജെനീഷ് എന്നിവർ പങ്കെടുത്തു.



# തടസ്സങ്ങൾക്കെതിരെ പ്രതികരണമല്ല പുനഃസൃഷ്ടിയാണ് വേണ്ടത്: മൂർത്തി ചഗാന്തി

**കൊച്ചി:** അനിശ്ചിതത്വത്തിനിടയിലും സൂചനകൾ കണ്ട് പ്രവർത്തിക്കുമ്പോഴാണ് പരാജയപ്പെടുന്ന ഇടങ്ങളിൽ പോലും വിജയം രചിക്കാനാവുകയെന്ന് ഏഷ്യാനെറ്റ് സാറ്റ്ലൈറ്റ് കമ്യൂണിക്കേഷൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ മൂർതി ചഗാന്തി പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച സി ഇ ഒ ഫോറത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തടസ്സങ്ങളെ അതിജീവിച്ച് മുന്നോട്ടു നീങ്ങുന്നവയ്ക്കെല്ലാം ഒരേ മാതൃകയാണെന്നും 'തടസ്സത്തിന് മറുമരുന്ന് ചടുലത' തന്നെ എന്ന വിഷയത്തിൽ സംസാരിച്ച അദ്ദേഹം പറഞ്ഞു.

വിജയം നേടാൻ ഉറച്ചിറങ്ങുന്നവർ പൂർണമായ വിവരങ്ങൾ ലഭിച്ചതിന് ശേഷം മാത്രമല്ല പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. റഷ്യയുടെ ആക്രമണങ്ങളിൽ തകർന്നു പോകുമെന്ന് കരുതിയ യുക്രെയ്നാണ് ഇന്ന് ലോകത്തിന് ഡ്രോണുകളുടെ നിർമാണവും ഡ്രോണുകളെ നേരിടേണ്ട രീതികളും പഠിപ്പിച്ചു കൊടുക്കുന്നത്. ആമസോണും ഗൂഗ്ളുമെല്ലാം വിപണിയിൽ മാറ്റം വന്ന് തങ്ങൾ തകർന്നുപോകുമെന്ന് കരുതിയ നിമിഷത്തിലല്ല, അവ മുൻകൂട്ടി കണ്ടാണ് കളിമാറ്റിയതെന്നും അദ്ദേഹം പറഞ്ഞു. ഇടപെടലുകളിലൂടെ തടസ്സം കുറക്കുകയാണ് അവർ ചെയ്തത്.

തീരുമാനങ്ങളിലും നിർവഹണത്തിലും സാങ്കേതിക സംവിധാനങ്ങളിലും മതിലുകളല്ല പാലങ്ങളാണ് പണിയേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ചടുലതയെന്നാൽ വേഗത മാത്രമല്ല സ്വന്തം കളി നിയമങ്ങൾ സ്വന്തമായി എഴുതാനുള്ള തയ്യാറെടുപ്പാണത്. തടസ്സമെന്നത് അസന്തുലിതമായ ശക്തിയായതിനാൽ അതിനോട് ചർച്ച നടത്താനാവില്ല. അതിന്റെ പ്രതിവിധി കേവലം ചെലവ് ചുരുക്കലോ മറ്റെന്തെങ്കിലും പ്രതിസന്ധികളെ തരണം ചെയ്യലോ മാത്രമല്ല. തടസ്സങ്ങളോട് പ്രതികരിക്കുന്നതിനേക്കാൾ മികച്ചതും യഥാർഥവുമായ പ്രതിവിധി സൃഷ്ടിക്കലൊണെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ടു തന്നെ എത്രവേഗത്തിൽ പ്രതികരിക്കാനാവും എന്നല്ല, മാറാൻ നിർബന്ധിതരാകുന്നതിന് മുമ്പ് പുനഃസൃഷ്ടിക്കാൻ തയ്യാറെടുക്കലാണെന്നും അദ്ദേഹം പറഞ്ഞു. ഫാക്ട് മുൻ ചീഫ് സെയിൽസ് മാനേജർ പി. ജയരാമൻ എം കെ കെ നായർ സ്മാരക പ്രഭാഷണം നിർവഹിച്ചു. മാസങ്ങളോ വർഷങ്ങളോ അല്ല ദശാബ്ദങ്ങൾ മുന്നിൽ കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള കഴിവ് എം കെ കെ നായർക്കുണ്ടായിരുന്നുവെന്ന് പി ജയരാമൻ പറഞ്ഞു.




*കേരള മാനേജ്മെന്റ് അസോസിയേഷൻ സി ഇ ഒ ഫോറത്തിൽ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്യൂണിക്കേഷൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ മൂർതി ചഗാന്തി മുഖ്യപ്രഭാഷണം നടത്തുന്നു. സുനിൽ ബാലകൃഷ്ണൻ, പി ജയരാമൻ, കെ ഹരികുമാർ, കെ അനിൽ വർ എന്നിവർ സമീപം.*

കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ എം എ സി ഇ ഒ ഫോറം ചെയർ സുനിൽ ബാലകൃഷ്ണൻ , ഹോണററി സെക്രട്ടറി കെ. അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു.

## കൊച്ചിയിലെ ആദ്യ മാതൃ– നവജാതശിശു പരിചരണ വിഭാഗം ബർത്ത് വില്ലേജിൽ ആരംഭിച്ചു

**കൊച്ചി:** കാക്കനാട് ബർത്ത് വില്ലേജിൽ ആരംഭിച്ച മാതൃ-നവജാതശിശു പരിചരണ വിഭാഗം അന്ന ലിൻഡ ഈഡൻ ഉദ്ഘാടനം ചെയ്തു. സാധാരണയായി നവജാതശിശുക്കൾക്ക് പ്രത്യേക പരിചരണം ആവശ്യമായി വരുമ്പോൾ എൻ.ഐ.സി.യു സൗകര്യത്തിനായി അമ്മമാരിൽ നിന്ന് അവരെ മാറ്റി നിർത്തുകയാണ് പതിവ്. നേരെമറിച്ച്, ബർത്ത് വില്ലേജിന്റെ എംഎൻസിയു, ലോകാരോഗ്യ സംഘടനയുടെ 'ഇമ്മീഡിയറ്റ് കെ എം സി' പഠനത്തിലെ കണ്ടെത്തലുകളോട് ചേർന്നു നിൽക്കുന്നതാണ്. കുഞ്ഞിന് ചികിത്സ ആവശ്യമായി വരുമ്പോൾ മാത്രം അവരെ അമ്മയിൽ നിന്ന് വേർപെടുത്തുക എന്നത് പലപ്പോഴും അനിവാര്യമായി കരുതാറുണ്ടെന്ന് ബർത്ത് വില്ലേജ് സ്ഥാപകയും ഡയറക്ടറുമായ പ്രിയങ്ക ഇടിക്കുള ചൂണ്ടിക്കാട്ടി. എന്നാൽ അമ്മയുടെ സ്പർശനവും ശബ്ദവും മുലപ്പാലുമെല്ലാം വെറും വൈകാരിക പിന്തുണ മാത്രമല്ല, അത് കുഞ്ഞിനുള്ള ക്ലിനിക്കൽ ചികിത്സയുടെ ഭാഗം കൂടിയാണെന്ന് അവർ വ്യക്തമാക്കി.



ആസ്റ്റർ ഹോസ്പിറ്റലിലെ നിയോനറ്റോളജി വിഭാഗം മേധാവി ഡോ. ജോർജ്ജ് ജോസ്, 2013 ഫ്ലോറെൻസ് നൈറ്റിംഗേൽ അവാർഡ് ജേതാവായ പി.കെ. ഇന്ദിര, ബർത്ത് വില്ലേജ് മെഡിക്കൽ ഡയറക്ടർ ഡോ. ഐജോ ജോയ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ലോക ആസ്ത്മ ദിനാചരണം: ബോധവൽക്കരണവുമായി സിപ്ല

**കൊച്ചി:** ലോക ആസ്ത്മ ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണവുമായി സിപ്ല. പൾമണോളജിസ്റ്റായ ഡോ. ഹരി ലക്ഷ്മണൻ പി. ആസ്ത്മ നിയന്ത്രണത്തിന് ദിനംപ്രതി കൺട്രോളർ ചികിത്സയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടി. സിപ്ലയുടെ ബോധവത്കരണ പ്രവർത്തനങ്ങൾക്കും അദ്ദേഹം ശ്രദ്ധ നൽകി. ഫലപ്രദമായ ചികിത്സകൾ ലഭ്യമാണെങ്കിലും, വൈകിയ രോഗനിർണയം, ലഭ്യതാ പ്രശ്നങ്ങൾ, ഇൻഹെയിലറുകളെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ എന്നിവ കാരണം ഇന്ത്യയിൽ ആസ്ത്മ പരിചരണത്തിൽ കുറവുകൾ തുടരുന്നു. തൽക്ഷണ ആശ്വാസ മരുന്നുകളെ മാത്രം ആശ്രയിക്കുന്നത് അടിഭാഗത്തിലെ അണുബാധ നിയന്ത്രിക്കാതെ വിടുകയും ആക്രമണ സാധ്യത വർധിപ്പിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## എലിനാശിനി സൗജന്യമായി നൽകുന്നു

**കൊച്ചി:** നഗരസഭയുടെ ആഭിമുഖ്യത്തിൽ നഗരസഭാ പരിധിയിലുള്ള റെസിഡൻസ് അസോസിയേഷനുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും എലി നശീകരണത്തിന്റെ ഭാഗമായി എലിനാശിനി സൗജന്യമായി നൽകുന്നു. എല്ലാ അസോസിയേഷനുകളും സ്ഥാപനങ്ങളും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നഗരസഭാ ഹെൽത്ത് സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

## ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ മെയ് മാസത്തിൽ ആരംഭിക്കുന്ന വിവിധ ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മോണ്ടിസോറി, പ്രീ-പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് വനിതകൾക്കാണ് അവസരം. രണ്ട് വർഷം, ഒരു വർഷം, ആറ് മാസം എന്നിങ്ങനെയാണ് കോഴ്സ് കാലാവധി. ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ : 7994449314.

## ലാബ് ടെക്നീഷ്യൻ ഒഴിവ്; അഭിമുഖം 18ന്

**കൊച്ചി:** മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വി ഡി ആർ എൽ ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നു. ഒരു ഒഴിവ്. ബി എസ് സി എം.എൽ.ടി അല്ലെങ്കിൽ പ്ലസ് ടുവിനൊപ്പം ഡി.എം.ഇ അംഗീകരിച്ച മെഡിക്കൽ ലബോറട്ടറി ടെക്നോളജി ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രായപരിധി 40 വയസ്സ്. പ്രതിമാസ വേതനം 20,000 രൂപ. യോഗ്യരായ ഉദ്യോഗാർത്ഥികൾ മെയ് 18-ന് രാവിലെ 10:30-ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നേരിട്ട് ഹാജരാകണം. ഫോൺ : 0484-2754000.



# ചൂട് കൂടുന്നു; മുന്നറിയിപ്പുമായി ദുരന്തനിവാരണ അതോറിറ്റി

**കൊച്ചി:** സംസ്ഥാനത്ത് വേനൽച്ചൂട് വൻതോതിൽ ഉയരുന്നതിനെ തുടർന്ന ജാഗ്രത നിർദേശങ്ങളുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകുന്നു.

* പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

* ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. പരമാവധി ശുദ്ധജലം കുടിക്കുക.

* നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക.

* അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

* പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

* പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ORS ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

* മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക.

* ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.
* വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളവും ക്ലാസ്സ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കേണ്ടതാണ്. പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

* വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ 3 വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
* അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

* കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

* ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് (11 മുതൽ 3 വരെ) സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും, അതുപോലെ, ആവശ്യമെങ്കിൽ യാത്രക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.




* മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്ത് കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്കു കുടിവെള്ളം നൽകി നിർജലീകരണം തടയുവാൻ സഹായിക്കുക.

* പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11 മുതൽ വൈകുന്നേരം 3 വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.
* യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. വെള്ളം കയ്യിൽ കരുതുക.
* നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.

* ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജല ലഭ്യത ഉറപ്പാക്കുക.

* കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

* ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക.
* അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.

* കാലാവസ്ഥ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.

## വേനൽക്കാല ആരോഗ്യം: പ്രത്യേക ശ്രദ്ധ വേണമെന്ന് വിദഗ്ധർ

**കൊച്ചി:** വേനൽ കടുത്ത സാഹചര്യത്തിൽ ആരോഗ്യകാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്ന് വിദഗ്ധർ. ഫിറ്റ്നസ് ദിനചര്യകൾ ആരംഭിക്കാൻ ഏറ്റവും അനുയോജ്യമായ സമയമാണ് വേനൽകാലം. ജിം വർക്കൗട്ടുകൾ അത്യാവശ്യമാണെങ്കിലും ശരീരഭാരം നിയന്ത്രിക്കുന്നതിലും ശരീരം സുന്ദരമായി നിലനിർത്തുന്നതിലും ഭക്ഷണക്രമം തുല്യമായ പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രമുഖ ഡയറ്റീഷ്യൻ റിതിക സമദ്ദാർ പറഞ്ഞു. കാലിഫോർണിയ ബദാം, ഗ്രീക്ക് യോഗർട്ട്, സാൽമൺ മത്സ്യം എന്നിവ ഉൾപ്പെടുത്തിയ ലളിതവും പ്രോട്ടീൻ സമ്പുഷ്ടവുമായ ഡയറ്റ് പ്ലാൻ പിന്തുടരുന്നത് ഗുണകരമാവും. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, വിറ്റാമിൻ ഇ, മഗ്നീഷ്യം എന്നിവയാൽ സമ്പുഷ്ടമായ ബദാം രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് വർധിപ്പിക്കാതെ ഊർജം നിലനിർത്താൻ സഹായിക്കും. ഫിറ്റ്നസ് ലക്ഷ്യമിട്ടുള്ള ഏത് ഭക്ഷണക്രമത്തിലും ഇവ മികച്ചൊരു ചേരുവയാണെന്നും, ഇതോടൊപ്പം രണ്ട് പുഴുങ്ങിയ മുട്ടകൾ കൂടി ഉൾപ്പെടുത്തുന്നത് പൂർണമായ പ്രോട്ടീൻ ലഭിക്കാൻ സഹായിക്കുമെന്നും അവർ പറഞ്ഞു. ഉച്ചഭക്ഷണത്തിന് മിക്സഡ് ഗ്രീൻസ്, ചെറിയ തക്കാളി, വെള്ളരിക്ക എന്നിവയ്ക്കൊപ്പം ഗ്രിൽ ചെയ്ത ചിക്കൻ ബ്രെസ്റ്റ് തിരഞ്ഞെടുക്കാം. വൈകുന്നേരങ്ങളിൽ ഒരു ടീസ്പൂൺ ചിയ വിത്തുകൾ ചേർത്ത ഗ്രീക്ക് യോഗർട്ട് കഴിച്ച് ഊർജം വീണ്ടെടുക്കാം. രാത്രി ഭക്ഷണമായി ബേക്ക് ചെയ്ത സാൽമൺ മീൻ കഷ്ണവും അതോടൊപ്പം വേവിച്ച ക്വിനോവയും സ്റ്റീം ചെയ്ത ബ്രോക്കോളിയും ഉപയോഗിക്കാം. പോഷക സമ്പുഷ്ടമായ ഈ വിഭവം ചർമത്തിന്റെ ആരോഗ്യത്തിന് ആവശ്യമായ ഒമേഗ ഫാറ്റി ആസിഡുകൾ നൽകുകയും പേശികളുടെ വീണ്ടെടുപ്പിന് സഹായിക്കുകയും ചെയ്യുമെന്നും അവർ പറഞ്ഞു.



# ലൈഫ് ഇൻഷുറൻസ് മേഖലയിൽ വൻ കുതിപ്പ്: പ്രീമിയം വരുമാനം 4.6 ലക്ഷം കോടി രൂപയിലേക്ക്

**കൊച്ചി:** ഇന്ത്യൻ ലൈഫ് ഇൻഷുറൻസ് വ്യവസായം 2026 സാമ്പത്തിക വർഷത്തിൽ മികച്ച വളർച്ച രേഖപ്പെടുത്തി. പുതിയ ബിസിനസ് പ്രീമിയം വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 15.7 ശതമാനം വർദ്ധനവോടെ 4,59,713 കോടി രൂപയാണ് ആകെ സമാഹരിച്ചത്. 2025 സാമ്പത്തിക വർഷത്തിൽ ഇത് 3,97,337 കോടി രൂപയായിരുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന മാസമായ മാർച്ചിൽ മാത്രം 75,872 കോടി രൂപയുടെ പ്രീമിയം ശേഖരിക്കാൻ ഇൻഷുറൻസ് കമ്പനികൾക്ക് സാധിച്ചു. മുൻവർഷം മാർച്ചിലെ 61,439 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വലിയ മുന്നേറ്റമാണ്. ഗ്രൂപ്പ് ബിസിനസ് വിഭാഗമാണ് ഈ നേട്ടത്തിൽ പ്രധാന പങ്കുവഹിച്ചത്. ഗ്രൂപ്പ് വാർഷിക പുതുക്കാവുന്ന പ്രീമിയത്തിൽ 39 ശതമാനവും, ഗ്രൂപ്പ് സിംഗിൾ പ്രീമിയത്തിൽ 17.5 ശതമാനവും വളർച്ചയുണ്ടായി. വ്യക്തിഗത വിഭാഗത്തിൽ നോൺ-സിംഗിൾ പ്രീമിയം 10.1 ശതമാനം വർദ്ധിച്ച് 1,26,900 കോടി രൂപയിലെത്തി. 2026 സാമ്പത്തിക വർഷത്തിൽ ആകെ 2.83 കോടിയിലധികം പുതിയ പോളിസികളാണ് വിതരണം ചെയ്തത്. പോളിസികളുടെ എണ്ണത്തിലുണ്ടായ 4.7 ശതമാനം വർദ്ധനവിനേക്കാൾ വലിയ വളർച്ച പ്രീമിയം തുകയിൽ ഉണ്ടായത്, ഉപഭോക്താക്കൾ കൂടുതൽ ഉയർന്ന തുകയുടെ ഇൻഷുറൻസ് പ്ലാനുകൾ തിരഞ്ഞെടുക്കുന്നതിന്റെ തെളിവായി വിലയിരുത്തപ്പെടുന്നു.

ഇന്ത്യൻ കുടുംബങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഇൻഷുറൻസ് അവബോധവും സാമ്പത്തിക സുരക്ഷിതത്വത്തിനായുള്ള ആസൂത്രിത നീക്കവുമാണ് ഈ നേട്ടത്തിന് പിന്നിലെന്ന് ഇൻഷുറൻസ് അവയർനെസ് കമ്മിറ്റി (ഐ.എ.സി-ലൈഫ്) ചെയർപേഴ്സൺ കമലേഷ് റാവു പറഞ്ഞു. സംരക്ഷണ അവബോധം, വിശാലമായ വിതരണ ശൃംഖല, ഉൽപ്പന്നങ്ങളിലെ നവീകരണം എന്നിവ വളർച്ചയെ സ്വാധീനിച്ചുവെന്നും എന്നാൽ രാജ്യത്തെ ഇൻഷുറൻസ് പരിരക്ഷാ വിടവ് നികത്തുന്നതിനായി ബോധവൽക്കരണ പരിപാടികൾ ഊർജിതമായി തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സീറോ ഫോറെക്സ് മാർജിനുമായി എയു സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി/മുംബൈ:** എയു സ്മോൾ ഫിനാൻസ് ബാങ്ക് അന്തർദേശീയ പണമിടപാടുകളിൽ സുതാര്യത ഉറപ്പാക്കാൻ സീറോ ഫോറെക്സ് മാർജിനും സീറോ ബാങ്ക് ചാർജുകളും ഉൾപ്പെട്ട പുതിയ റിമിറ്റൻസ് സേവനം അവതരിപ്പിച്ചു. ഇതോടെ ഇൻവേഡ്, ഔട്ട്വേഡ് റമിറ്റൻസുകളിൽ ഫോറെക്സ് മാർജിൻ ഒഴിവാക്കുന്ന ഇന്ത്യയിലെ ഏക സ്വകാര്യ മേഖലാ ബാങ്കായി എയു സ്മോൾ ഫിനാൻസ് ബാങ്ക് മാറി. വിദേശ വിദ്യാഭ്യാസം, കുടുംബ സഹായം, നിക്ഷേപങ്ങൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി വിദേശത്തേക്ക് പണം അയക്കുന്നവർക്കും, വിദേശത്തു നിന്ന് ഇന്ത്യയിലേക്ക് പണം അയക്കുന്ന എൻആർഐകൾക്കും ഈ സേവനം പ്രയോജനപ്പെടുമെന്ന് എയു സ്മോൾ ഫിനാൻസ് ബാങ്ക് ഡെപ്യൂട്ടി സി.ഇ.ഒ ഉത്തം തിബ്രേവാൾ പറഞ്ഞു.

സീറോ ഫോറെക്സ് മാർജിൻ, സീറോ ട്രാൻസാക്ഷൻ ചാർജുകൾ, സീറോ എയു ബാങ്ക് ചാർജുകൾ എന്നിവ പുതിയ റിമിറ്റൻസ് സേവനത്തിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകും. എയു ബാങ്കിന്റെ ഇന്റർബാങ്ക് റഫറൻസ് നിരക്കിൽ തന്നെ ഇടപാടുകൾ പ്രോസസ് ചെയ്യുന്നതിനാൽ മറഞ്ഞ ചെലവുകൾ ഒഴിവാക്കാനാകുമെന്ന് ബാങ്ക് വ്യക്തമാക്കി. ഫോറക്സ് ഇടപാടുകളിലെ മറഞ്ഞ ചെലവുകൾ ഒഴിവാക്കി ഉപഭോക്താക്കൾക്ക് കൂടുതൽ സുതാര്യവും ലളിതവുമായ ബാങ്കിംഗ് അനുഭവം നൽകുകയാണ് ലക്ഷ്യമെന്നും ഉത്തം തിബ്രേവാൾ പറഞ്ഞു:

എൻആർഐ ഉപഭോക്താക്കൾക്കായി എഫ്സിഎൻആർ, എൻആർഇ നിക്ഷേപ പദ്ധതികളും ബാങ്ക് അവതരിപ്പിച്ചിട്ടുണ്ട്. എഫ്സിഎൻആർ നിക്ഷേപങ്ങൾക്ക് 5.35% വരെയും എൻആർഇ ഫിക്സഡ് ഡെപ്പോസിറ്റുകൾക്ക് 7.25% വരെയും വരുമാനം ലഭ്യമാക്കുമെന്ന് ബാങ്ക് അറിയിച്ചു. റിമിറ്റൻസ് സേവനങ്ങൾ എയുവിന്റെ ആർബിഐ നിയന്ത്രിത ഡിജിറ്റൽ ബാങ്കിംഗ് പ്ലാറ്റ്ഫോമിലൂടെയും ശാഖകളിലൂടെയും ലഭ്യമാകും.

# സിബിഎഫ്സി ചെയർപേഴ്സണായി ശശി ശേഖർ വെമ്പതി

**ന്യൂഡൽഹി:** ശശി ശേഖർ വെമ്പതിയെ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (CBFC) ചെയർപേഴ്സണായി നിയമിച്ചു. ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്കായിരിക്കും അദ്ദേഹത്തിന്റെ കാലാവധി.

പ്രസൂൺ ജോഷി പ്രസാർ ഭാരതി ചെയർമാനായി നിയമിതനായതിനെത്തുടർന്ന്, സിബിഎഫ്സി (CBFC) ചെയർപേഴ്സൺ സ്ഥാനം ഒഴിഞ്ഞ സാഹചര്യത്തിലാണ് പുതിയ നിയമനം.

മാധ്യമരംഗത്തും പ്രക്ഷേപണം, പൊതു ആശയവിനിമയം എന്നീ മേഖലകളിലും വിപുലമായ പ്രവൃത്തിപരിചയമുള്ള വ്യക്തിയാണ് ശശി ശേഖർ വെമ്പതി. അദ്ദേഹത്തിന്റെ ഈ നിയമനം സി.ബി.എഫ്.സിയുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

# സൈലന്റ് ഹീറോസ് പുരസ്കാര വിതരണം

**കൊച്ചി:** സംസ്ഥാനത്തെ ഇവന്റ്റ് മാനേജർമാരുടെ സംഘടനയായ ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇമാക്) നൽകുന്ന 'സൈലന്റ് ഹീറോസ്' പുരസ്കാരം വിതരണം നടത്തുന്നു. ജൂൺ 6ന് തൃശൂർ ഹയാത്ത് റീജൻസിയിൽ നടക്കുന്ന ചടങ്ങിൽ മികച്ച ഇവന്റ് മാനേജ്മെന്റ് ഏജൻസികളെയും പ്രഫഷനലുകളെയും മെഡലുകൾ നൽകി ആദരിക്കും.

വ്യവസായ വിദഗ്ധരുൾപ്പെടെയുള്ള 14 അംഗ ജൂറിയംഗങ്ങളാണ് അവാർഡുകൾ നിർണയിക്കുന്നത്. എഴുന്നൂറിലധികം ഇവന്റ്മാനേജ്മെന്റ് ഏജൻസികൾ ചടങ്ങിൽ പങ്കെടുക്കുമെന്ന് ഇമാക് പ്രസിഡന്റ് രാജു കണ്ണമ്പുഴ, ജനറൽ സെക്രട്ടറി ബഹനാൻ കെ.അരീക്കൽ, ട്രഷറർ പ്രവീൺ ചന്ദ്രൻ എന്നിവർ അറിയിച്ചു.

# കാനൺ 'വിസാർഡ്' പദ്ധതി ആരംഭിച്ചു

**കൊച്ചി:** വിവാഹ ഇമേജിംഗ് മേഖലയെ ശക്തിപ്പെടുത്തുന്നതിനായി മുൻനിര സ്റ്റുഡിയോകളെ ഒരേ പ്ലാറ്റ്ഫോമിൽ കൊുവരുന്ന 'കാനൺ വിസാർഡ്' എന്ന പുതിയ പദ്ധതി കാനൺ ഇന്ത്യ ആരംഭിച്ചു. സൃഷ്ടിപരമായ കഴിവുകളും ബിസിനസ് വളർച്ചയും മെച്ചപ്പെടുത്താൻ കാനൺ സാങ്കേതികവിദ്യ, മെന്റർഷിപ്പ്, സഹകരണ അവസരങ്ങൾ എന്നിവ പദ്ധതിയിലൂടെ ലഭ്യമാകും.

റൂബൻ ബിജി സ്ഥാപിച്ച കൊച്ചി ആസ്ഥാനമായ മാജിക് മോഷൻ മീഡിയയും തെരഞ്ഞെടുത്ത സ്റ്റുഡിയോകളിൽ ഉൾപ്പെടുന്നു. ആർവിആർ പ്രോ, വിഎസ് സ്റ്റുഡിയോ, സ്റ്റുഡിയോ മെമ്മറി ലെയിൻ എന്നിവയും പങ്കാളികളാണ്. പങ്കുവെച്ച പഠനവും സഹകരണവും വഴി മേഖലയിൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ പ്രതിഭകളെ വളർത്തുകയും ഭാവി ലക്ഷ്യമാക്കിയ വിവാഹ സ്റ്റോറിയെല്ലിംഗ് സമൂഹം നിർമ്മിക്കുകയുമാണ് ലക്ഷ്യമെന്ന് കാനൺ അറിയിച്ചു.

# ചിന്മയ മിഷൻ വജ്രജൂബിലി ആഘോഷം; അന്താരാഷ്ട്ര സമ്മേളനത്തിന് നാളെ തുടക്കം

**കൊച്ചി:** ചിന്മയ മിഷന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷമായ ചിന്മയ അമൃത് മഹോത്സവിന്റെ ഭാഗമായി ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ ആരംഭിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിന് നാളെ തിരിതെളിയും. ചിൻമയ ഇന്റർനാഷണൽ ഫൗണ്ടേഷൻ, ചിൻമയ ഇന്റർനാഷണൽ ഫൗണ്ടേഷൻ ഷോധ സൻസ്ഥാൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് മൂന്നുദിവസം നീണ്ടുനിൽക്കുന്ന സമ്മേളനം സംഘടിപ്പിക്കുന്നത്. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ഓണക്കൂറിലെ ലളിത പ്രതിഷ്ഠാനിൽ പ്രത്യേകം തയ്യാറാക്കുന്ന വേദിയിലായിക്കും സമ്മേളനം.

വെള്ളിയാഴ്ച രാവിലെ ഗുരുപാദുക പൂജയോടെ അന്താരാഷ്ട്ര സമ്മേളനത്തിന് തുടക്കമാകും. തുടർന്ന് നടക്കുന്ന ചടങ്ങിൽ ചിന്മയ മിഷൻ മുൻ ആഗോള അധ്യക്ഷനും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല മുൻ ചാൻസിലറുമായ ഗുരുജി സ്വാമി തേജോമയാനന്ദ സമ്മേളനം ഉദ്ഘാടനം ചെയ്യും. സെൻട്രൽ സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. ശ്രീനിവാസ വർക്കേഡി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ഞായറാഴ്ച വൈകീട്ട് ചേരുന്ന സമാപന സമ്മേളനം ചിന്മയ മിഷൻ ആഗോള അധ്യക്ഷനും, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി ഉദ്ഘാടനം ചെയ്യും. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. മനോജ് കുമാർ അറോറ ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങുകളിൽ പങ്കെടുക്കും. ആത്മീയത, വിദ്യാഭ്യാസം, ദേശസ്നേഹം, സംസ്കാരം, സമൂഹം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ സെഷനുകൾ, പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, ഗവേഷണ പ്രബന്ധാവതരണങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ സമ്മേളനത്തിന്റെ ഭാഗമായി നടക്കും.

വേദാന്ത പണ്ഡിതൻ പ്രൊഫ. അനന്താനന്ദ രാംബച്ചൻ, ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ പ്രസിഡന്റ് സ്വാമി അദ്വയാനന്ദ, ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷനിലെ ആചാര്യൻ സ്വാമി ശരദാനന്ദ സരസ്വതി, പ്രൊഫ. ബി. മഹാദേവൻ, പ്രൊഫ.ഗന്ധി എസ്.മൂർത്തി, സ്വാമി നരസിംഹാനന്ദ, ഡോ. ശകുന്തള നാഗ്പാൽ, സ്വാമി അനുകൂലാനന്ദ, സാഹന സിംഗ്, സ്വാമിനി സംപ്രതിഷ്ഠാനന്ദ, പ്രൊഫ. സമ്പദാനന്ദ മിശ്ര, സ്വാമി സ്വാത്മാനന്ദ, ഡോ. രാജ് വേദം, സ്വാമി രാമകൃഷ്ണാനന്ദ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. സമ്മേളനത്തിൽ രാജ്യത്തിനകത്തും പുറത്തുമുള്ള പണ്ഡിതർ, ഗവേഷകർ, വിദ്യാഭ്യാസ പ്രവർത്തകർ, ആത്മീയചിന്തകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കും. വിവിധ സെഷനുകളോടനുബന്ധിച്ച് ഗവേഷണ പ്രബന്ധാവതരണങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

മെയ്-9ന് രാത്രി ചിന്മയ ചരിതം ആട്ടക്കഥ അരങ്ങേറും. സ്വാമി ചിന്മയാനന്ദയുടെ ജീവചരിത്രം കേരളത്തിന്റെ തനത് ക്ലാസിക്ക് കലാരൂപമായ കഥകളിയിലൂടെ അവതരിപ്പിക്കും. ചിന്മയ മിഷൻ എഡ്യുക്കേഷണൽ ആന്റ് കൾച്ചറൽ ട്രസ്റ്റ് - ഗ്രേറ്റർ കൊച്ചിന്റെ നേതൃത്വത്തിൽ ആലപ്പുഴ ചിന്മയ വിദ്യാലയമാണ് അവതരിപ്പിക്കുന്നത്.

# റോയൽ നെതർലാൻഡ്സ് നാവികസേനയുടെ ഡെപ്യൂട്ടി കമാൻഡർ കൊച്ചി സന്ദർശിച്ചു

## *എച്ച്എൻഎൽഎംഎസ് ഡി റൂയിറ്റർ കപ്പലും കൊച്ചിയിൽ



**കൊച്ചി:** റോയൽ നെതർലാൻഡ്സ് നാവികസേനയുടെ കപ്പൽ എച്ച്എൻഎൽഎംഎസ് ഡി റൂയിറ്റർ (എഫ് 804), ഡി സെവൻ പ്രൊവിൻഷ്യൻ ക്ലാസ് യുദ്ധക്കപ്പൽ കൊച്ചിയിൽ എത്തി. റോയൽ നെതർലാൻഡ്സ് നേവി (ഡിസിഎൻ) ഡെപ്യൂട്ടി കമാൻഡർ മേജർ ജനറൽ (റോയൽ മറൈൻസ്) റോബ് ഡി വിറ്റ്, നെതർലാൻഡ്സ് അംബാസഡർ മാരിസ ജെറാർഡ്സ് എന്നിവരടങ്ങുന്ന ഉന്നതതല പ്രതിനിധി സംഘവും കൊച്ചിയിലെ സതേൺ നേവൽ കമാൻഡ് (എസ്എൻസി) സന്ദർശനത്തിന് എത്തിയിട്ടുണ്ട് എച്ച്എൻഎൽഎംഎസ് ഡി റൂയിറ്ററിനെ കൊച്ചി ഹാർബറിൽ  ഇന്ത്യൻ നാവികസേനയുടെ ഫാസ്റ്റ് ഇന്റർസെപ്റ്റർ ക്രാഫ്റ്റ് അകമ്പടി സേവിക്കുകയും നാവിക ബാൻഡ് ആചാരപരമായ സ്വീകരണം നൽകുകയും ചെയ്തു. നിലവിൽ ഇന്തോ-പസഫിക് മേഖലയിൽ അഞ്ച് മാസം നീണ്ടുനിൽക്കുന്ന ഒരു പര്യവേക്ഷണ ദൗത്യത്തിലാണ് കപ്പൽ. പങ്കാളി രാജ്യങ്ങളോടൊപ്പം കപ്പൽ വിവിധ സമുദ്രാഭ്യാസങ്ങളിൽ പങ്കെടുക്കുന്നുണ്ട് . ഡിസിഎൻ നയിക്കുന്ന നാവിക  പ്രതിനിധി സംഘത്തോടൊപ്പം നെതർലാൻഡ്സ് നാവിക കപ്പലിന്റെ ഇന്ത്യൻ തുറമുഖ സന്ദർശനവും ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തവും ദൃഢവുമായ സമുദ്ര ബന്ധത്തിന് പ്രാധാന്യം നൽകുന്നു. 2026 ഫെബ്രുവരിയിൽ വിശാഖപട്ടണത്ത് നടന്ന മിലാൻ 26 ന്റെ ഭാഗമായി നടന്ന ഐഎൻഎസ് മേധാവിമാരുടെ കോൺക്ലേവിൽ റോയൽ നെതർലാൻഡ്സ് നേവിയുടെ കമാർ പങ്കെടുത്തിരുന്നു. ദക്ഷിണ നാവിക കമാൻഡിലെ ചീഫ് ഓഫ് സ്റ്റാഫ് ആർഎഡിഎം പ്രകാശ് ഗോപാലനെ നെതർലാൻഡ്സ് നാവിക പ്രതിനിധി സംഘം സന്ദർശിച്ചു. ഇരു നാവികസേനകളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള വഴികൾ ഉൾപ്പെടെ സമുദ്ര മേഖലയിലെ പരസ്പര താൽപ്പര്യമുള്ള വിഷയങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്തിയിരുന്നു. നെതർലാൻഡ്സിന്റെ ദേശീയ അനുസ്മരണ ദിനത്തോടനുബന്ധിച്ച് മേജർ ജനറൽ റോബ് ഡി വിറ്റും അംബാസഡർ മാരിസ ജെറാർഡ്സും വീരമൃത്യു വരിച്ചവർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് എസ്എൻസി യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു.

പരിശീലന സഹകരണം വർദ്ധിപ്പിക്കുന്നതിലും മികച്ച രീതികൾ പങ്കിടുന്നതിലും ശ്രദ്ധ നൽകിക്കൊണ്ട്, നിരവധി ഉഭയകക്ഷി സംവാദങ്ങളിൽ നെതർലാൻഡ്സ് പ്രതിനിധി സംഘം ഏർപ്പെടും. ദക്ഷിണ നാവിക കമാൻഡിലെ വിവിധ പ്രൊഫഷണൽ പരിശീലന സ്ഥാപനങ്ങളിൽ പ്രതിനിധി സംഘം സന്ദർശനം നടത്തും. നൂതന സിമുലേറ്ററുകളുടെയും അത്യാധുനിക പരിശീലന അടിസ്ഥാന സൗകര്യങ്ങളുടെയും പ്രദർശനങ്ങൾക്കും സാക്ഷ്യം വഹിക്കും. ഇന്ത്യയുടെ കപ്പൽ നിർമ്മാണ ശേഷികളെക്കുറിച്ച് ഉൾക്കാഴ്ച നേടുന്നതിനും വ്യാവസായിക സഹകരണത്തിനുള്ള വഴികൾ പര്യവേക്ഷണം ചെയ്യുന്നതിനുമായി പ്രതിനിധി സംഘം കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് സന്ദർശിക്കും. ഇരു നാവികസേനകളിലെയും ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രൊഫഷണൽ, സാമൂഹിക ഇടപെടലുകളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത് പരസ്പര പ്രവർത്തനക്ഷമതയും പ്രവർത്തന ഏകോപനവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എച്ച്എൻഎൽഎംഎസ് ഡി റൂയ്റ്റർ  കൊച്ചിയിൽ നിന്ന് പുറപ്പെടുമ്പോൾ,  ഇന്ത്യൻ നാവിക കപ്പലുമായി ചേർന്ന് ഒരു പാസേജ് അഭ്യാസ (പാസെക്സ്) പ്രകടനവും നടത്തും.

# എജിഡി ഗോൾഡ് ബ്രാൻഡ് അംബാസഡറായി കുഞ്ചാക്കോ ബോബൻ




**കൊച്ചി:** പ്രമുഖ ആഭരണ ഗ്രൂപ്പായ എജിഡി ഗോൾഡ് ആൻഡ് ഡയമ്സിന്റെ ബ്രാൻഡ് അംബാസഡറായി നടൻ കുഞ്ചാക്കോ ബോബനെ നിയമിച്ചു. കൊച്ചിയിൽ നടന്ന ചടങ്ങിൽ എജിഡി ഗോൾഡ് ആൻഡ് ഡയമ്സ് ചെയർമാൻ അബ്ദുൽ റഹ്മാൻ കുഞ്ഞ്, മാനേജിങ് ഡയറക്ടർ എ.ഷഫീഖ് തുടങ്ങിയവർ പങ്കെടുത്തു. 2000ൽ പ്രവർത്തനം ആരംഭിച്ച എജിഡി ഗോൾഡ് ആൻഡ് ഡയമ്സിന് കായംകുളം, ചങ്ങനാശേരി, കൊച്ചി എന്നിവിടങ്ങൾക്ക് പുറമേയു എഇയിലും ശാഖകളുണ്ട്.

25 വർഷത്തെ പാരമ്പര്യമുള്ളതും ജനങ്ങളുടെ വിശ്വാസം നേടിയതുമായ എജിഡി ഗോൾഡ് ആൻഡ് ഡയമണ്ട്സ് പോലൊരു ബ്രാൻഡിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് കുഞ്ചാക്കോ ബോബൻ പറഞ്ഞു.

കുടുംബപ്രക്ഷേകരുടെ പ്രിയതാരമായ കുഞ്ചാക്കോ ബോബൻ ബ്രാൻഡ് അംബാസഡറായി എത്തുന്നത് എജിഡി ഗോൾഡ് ആൻഡ് ഡയമിന്റെ വളർച്ചയ്ക്ക് കൂടുതൽ കരുത്തേകുമെന്ന് മാനേജിംഗ് ഡയറക്ടർ എ. ഷഫീഖ് വ്യക്തമാക്കി.

